നമ്പർ 240/എസ്.എൽ.എൻ.എ/2018

ഗ്രാമവികസന കമ്മീഷണറേറ്റ്
സ്വരാജ് ഭവൻ, തിരുവനന്തപുരം
തീയതി 10.07.2018

പ്രേക്ഷിതൻ

ഗ്രാമവികസന കമ്മീഷണർ
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ ജോയിന്റ് കോ-ഓർഡിനേറ്റർമാർ
ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

എല്ലാ പ്രോജക്റ്റ് ഡയറക്ടർമാർ
ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം

സർ,

വിഷയം:- പി.എം.കെ.എസ്.വൈ. (നീർത്തടഘടകം) - WDT-Engineer-റുടെ സേവനം ലഭ്യമല്ലാത്ത ബ്ലോക്കുകളിൽ MGNREGS- പദ്ധതിയിലെ ബ്ലോക്കുതല AE മാർക്ക് ചുമതല നൽകുന്നത് - സംബന്ധിച്ച്.

സൂചന : ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 9.7.2018-ാം തിയതിയിലെ കത്ത് .

PMKSY (WDC) പദ്ധതി നടപ്പിലാക്കുന്ന ബ്ലോക്കുകളിൽ അഡ്മിനിസ്ട്രേറ്റീവ് ഫണ്ടിന്റെ അപര്യാപ്തതയും ഫണ്ട് ലഭിയ്ക്കുന്നതിനുള്ള കാലതാമസവും മൂലം എല്ലാ പദ്ധതികളിലും WDT-Engineer-റുടെ സേവനം ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. കേന്ദ്ര ഗ്രാമവികസന മന്ത്രാലയം കേന്ദ്രാവിഷ്കൃത പദ്ധതികളിലെല്ലാം തന്നെ convergence ഉറപ്പുവരുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 4/7/2018-ന് ഗ്രാമവികസന കമ്മിഷണറേറ്റിൽ വച്ചു നടത്തിയ പി.എം.കെ.എസ്.വൈ. അവലോകന യോഗത്തിൽ PMKSY(WDC)യും MGNREGS-മായിട്ടുള്ള Convergence Plan തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 9/7/2018-ന് കേന്ദ്രഗ്രാമവികസന മന്ത്രാലയം നടത്തിയ വീഡിയോ കോൺഫറൻസിൽ Convergence ന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണമെന്നും ഡി.പി.ആർ.-ൽ ഉൾപ്പെട്ടിട്ടുള്ള എൻ.ആർ.എം. പ്രവൃത്തികൾ MGNREGS-മായി പരമാവധി convergence ചെയ്ത് നടപ്പിലാക്കേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ദേശീയ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ സൂചനയിലെ കത്ത് മുഖേന നൽകിയിട്ടുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഡബ്ല്യു.ഡി.റ്റി. എഞ്ചിനിയർമാരുടെ സേവനം നിലവിൽ ലഭ്യമല്ലാത്ത ബ്ലോക്കുകളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ AE മാർക്ക് PMKSY (WDC) പദ്ധതിയുടെ അധിക ചുമതല മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രവർത്തനങ്ങളെ ബാധിക്കാത്ത രീതിയിൽ നൽകുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് അറിയിക്കുന്നു. MGNREGS മിഷൻ ഡയറക്ടറുടെ 9.7.2018-ാം തീയതിയിലെ കത്ത് അറിവിനായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

അബ്ദുൾ സലീം കെ.എസ്.
ജോയിന്റ് ഡവലപ്മെന്റ് കമ്മീഷണർ &
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, SLNA

248


# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി(കേരളം)

5-ാം നില, സ്വരാജ് ഭവൻ, നന്തൻകോട് തിരുവനന്തപുരം-03

ഫോൺ: 0471-2313385, 0471-2312385, 1800 425 1004 (Helpline)

ഫാക്സ്-0471 - 2314385 ഇ-മെയിൽ: mgnrega.kerala.gov.in


നം.1338/ഇ.ജി.എസ്. സി/17/ആർ.ഇ.ജി.എസ് തീയതി: 09 .07.2018

SLNA

പ്രേഷകൻ

മിഷൻ ഡയറക്ടർ

സ്വീകർത്താവ്

ഗ്രാമവികസന കമ്മീഷണർ

ഗ്രാമവികസന കമ്മീഷണറേറ്റ്

തിരുവനന്തപുരം

സർ,

വിഷയം :-മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- WDT- Engineer യുടെ സേവനം ലഭ്യമല്ലാത്ത ബ്ലോക്കുകളിൽ -മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ബ്ലേക്കുതല AE മാർക്ക് ചുമതല നൽകുന്നത് -സംബന്ധിച്ച്

സൂചന: ഗ്രാമവികസന കമ്മീഷണറുടെ 07.07.2018 ലെ 240/ എസ്.എൽ.എൻ.എ/ 2018 നമ്പർ കത്ത്

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഗ്രാമവികസന കമ്മീഷണറേറ്റിൽ വച്ച് 04.07.2018 ന് നടത്തിയ PMKSY- WDC പദ്ധതി പ്രവർത്തനങ്ങളുടെ അവലോകന യോഗത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ WDT- Engineer മാരുടെ സേവനം നിലവിൽ ലഭ്യമല്ലാത്ത ബ്ലോക്കുകളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ബ്ലേക്കുതല AE മാർക്ക് ചുമതല നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സൂചന പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ബ്ലോക്കുതല AE മാർക്ക് PMKSY (WDC) പദ്ധതിയുടെ അധിക ചുമതല മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങളെ ബാധിക്കാത്ത രീതിയിൽ നൽകാവുന്നതാണെന്ന് അറിയിക്കുന്നു.

URGENT

10/7 JPC/PD PAU

വിശ്വസ്തതയോടെ,

(ഒപ്പ്)

മിഷൻ ഡയറക്ടർ

എസ്.ബി